(ബി) അഴീക്കോട് അസംബ്ലി മണ്ഡലത്തിലെ ചെറുകുന്ന് പ്രാഥമികാരോഗ്യ കേന്ദ്രം അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന കാര്യം അറിയിക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തന നേട്ടങ്ങൾ**

29 (1751) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതിനുശേഷം മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ പ്രാക്ടീസ് നിർത്തുന്നതിനായി ഡോക്ടർമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയത് ; ഇതുമൂലം സർക്കാരിന് ഉണ്ടായിട്ടുള്ള അധിക ചെലവ് എത്രയാണ് ;

(സി) മെഡിക്കൽ കോളേജ് അധ്യാപകർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സ്വകാര്യ പ്രാക്ടീസ് നടത്തുന്നത് സംബന്ധിച്ച എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആശുപത്രികളിൽ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതായും ഡോക്ടർമാർ അധ്യാപനത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതുമൂലം വിദ്യാർത്ഥികൾക്കു പ്രയോജനമുള്ളതായും സെമിനാറുകളിലും സി. എം. ഇ. പ്രോഗ്രാമുകളിലും മറ്റും ഡോക്ടർമാർ കൂടുതലായി പങ്കെടുക്കുന്നതുമൂലം അവർക്ക് മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കാൻ കഴിയുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിസ്ഥാന ശമ്പളത്തിന്റെ 25% അക്കാഡമിക് ഗ്രേഡ് പേയും ക്ഷാമബത്തയും ഉൾപ്പെടെ നോൺപ്രാക്ടീസിംഗ് അലവൻസായി നൽകിയിട്ടുണ്ട്. ഇതുമൂലമുണ്ടായിട്ടുള്ള അധിക ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോളേജ് തലത്തിലും ഡയറക്ടറേറ്റ് തലത്തിലും വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച പരാതികൾ ഈ കമ്മിറ്റികൾ പരിശോധിക്കാറുണ്ട്.

(ഡി) ഇതു സംബന്ധിച്ച ചില മീഡിയാ റിപ്പോർട്ടുകളല്ലാതെ മറ്റു പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തൃശ്ശൂർ മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം**

**30 (1752)** ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ അക്കാദമിക്ക് ബ്ലോക്കിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള പഴക്കംചെന്ന അക്കാദമിക്ക് ബ്ലോക്കിന്റെ മേൽക്കൂര അടർന്ന് വീണ് ജീവനക്കാരിക്ക് പരിക്ക് പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-സി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

**എ.സി. ആറിന്റെ പ്രവർത്തനം**

**31 (1753)** ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അഡ്വാൻസ്ഡ് ക്ലിനിക്കൽ റിസർച്ച് ലാബ് (എ.സി.ആർ.) ന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) യോഗ്യരായ ടെക്നിക്കൽ ജീവനക്കാരുടെ കുറവുമൂലം പലപ്പോഴും ഈ ലാബിന്റെ പ്രവർത്തനം തടസ്സപ്പെടുന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവിടെ ആവശ്യമായ സാങ്കേതിക ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly